അല്ലാഹുവിന്റെ നാമത്തിൽ.

# ചന്ദ്രസ്ഥാനം കാണപ്പെടുന്നത് പാർട്ടിയടിസ്ഥാനത്തിൽ !

***അസ്സലാമു അലൈക്കും***

സഹോദരങ്ങളേ,

ചന്ദ്രക്കലകളാണ് തീയതികൾക്കടിസ്ഥാനമെന്ന് ഖുർആൻ 2:189 ലും ചന്ദ്രന് സ്ഥാനങ്ങൾ നിർണ്ണയിച്ചതിൽ കണക്കുകൂട്ടാനുള്ള അറിവുണ്ടെന്ന് 10 : 5 ലും നഗ്നനേത്രം കൊണ്ട് കാണാൻ കഴിയുന്ന അവസാന ചന്ദ്രക്കല ഉർജ്ജൂനിൽ ഖദീം പോലെയാണെന്ന് 36:39 ലും സൂര്യനും ചന്ദ്രനും കണക്കിന് വിധേയമാണെന്ന് 55 : 5 ലും വ്യക്തമാണ്.

തീയതിയെന്നത് ദിവസത്തിന്റെ എണ്ണമായതുകൊണ്ട് 3 ദിവസങ്ങൾ കൂട്ടിയാൽ 3 തിയതികൾ കിട്ടും. ശനിയും ഞായറും തിങ്കളും ഒരേ ദിവസമല്ലാത്തതുകൊണ്ട് അവ ഒരേ തീയതിയല്ല. ഒന്നാമത്തെ ദിവസം(ഒന്നാം തിയതി)2-ാം ദിവസവും 3-ാം ദിവസവും വരികയില്ലെന്ന് വ്യക്തം.

നബി(സ) ജനിച്ചപ്പോൾ (ജനിച്ചസമയം) ലോകം മുഴുവൻ തിങ്കളാഴ്ച്ചയല്ലെങ്കിലും നബി(സ) ജനിച്ച ദിവസം ലോകം മുഴുവൻ നോമ്പ് എടുക്കേണ്ടത് തിങ്കളാഴ്ച്ചയാണ്. പിറവിയുണ്ടാകുന്ന സ്ഥലത്തെ ദിവസമാണ് ലോകം മുഴുവൻ പരിഗണിക്കേണ്ടതെന്ന് ഇത് വ്യക്തമാക്കുന്നു. ഒരു സ്ഥലത്ത് പിറന്ന കുട്ടി മറ്റൊരുസ്ഥലത്ത് ചെല്ലുന്നത് വീണ്ടും പിറക്കലല്ലാത്തതുപോലെ, പിറന്ന ചന്ദ്രൻ മറ്റു സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് വീണ്ടും പിറന്നുകൊണ്ടല്ല. വെള്ളിയാഴ്ച്ച പിറന്നകുട്ടിക്ക് ശനിയാഴ്ച്ചയാകുന്നിടത്തെല്ലാം ഒരു ദിവസം പ്രായം ആകും. 1433 ശബാൻ 29 വെള്ളിയാഴ്ച്ച ചന്ദ്രന് പിറവിയുള്ളതുകൊണ്ട് ശനിയാഴ്ച്ച വരുന്നിടത്തെല്ലാം ഒരു ദിവസം പ്രായം(ഒന്നാം തിയതി)ആകും. ഒരു കുട്ടിക്ക് ഒന്നിലധികം പിറവി (ജനനതിയതി ) ഇല്ലാത്തതുപോലെ ചന്ദ്രന് ഒരുമാസത്തിൽ ഒന്നിലധികം പിറവിയില്ല.

ജനങ്ങൾ പെരുന്നാൾ ആഘോഷിക്കുന്ന ദിവസമാണ്പെരുന്നാൾ എന്നാണ് പ്രവാചകൻ (സ)പറഞ്ഞത്. ജനങ്ങളിൽ ഗൾഫ് നാടുകളിലുള്ളവരും ഇന്ത്യയിലുള്ളവരുമുൾപ്പെടെ ലോകജനത മുഴുവനുൾപ്പെടുന്നു. ദിവസം (يوم) എന്നത് ദിവസങ്ങൾ (ايام) ആകുന്നത് പ്രവാചക നിർദ്ദേശത്തിനെതിരാണ്. ഖാദിമാർഉറപ്പിക്കുന്നതുകൊണ്ടല്ല മാസം മാറുന്നതെന്ന് അവരുടെ തന്നെ നിലപാടുകളിൽ നിന്ന് വ്യക്തമാണ്. ഖാദിമാർ തീരുമാനിക്കുന്നതിനനുസരിച്ച് മാസം മാറുമായിരുന്നെങ്കിൽ ഖാദിമാരുടെ തീരുമാനപ്രകാരമുള്ള 1432 ശഅബാൻ 29 റമദാൻ ഒന്നായി അവർക്കുതന്നെ തിരുത്തേണ്ടിവരില്ലായിരുന്നു. ശരിയായ കലണ്ടർ തിരുത്തേണ്ടി വരില്ല. തെറ്റായ കലണ്ടർ കാലഗണനക്കുവേണ്ടി അല്ലാഹു നിശ്ചയിക്കയുമില്ല.

1433 ശഅബ്ബാൻ 29 ഖാദിമാർക്ക് വെള്ളിയാഴ്ച്ചയും ഇരു വിഭാഗം മുജാഹിദുകൾക്ക് വ്യാഴാഴ്ച്ചയുമായിരുന്നു. ഗ്രൂപ്പടിസ്ഥാനത്തിൽ തീയതി മാറുകയോ?! ചന്ദ്രന്റെസ്ഥാനങ്ങളും (മനാസിൽ) വൃദ്ധിക്ഷയങ്ങളും (അഹില്ലഃ) തീയതികളായി നിശ്ചയിച്ചത് അല്ലാഹുവാണ്. “രാവും പകലും സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ ആയത്തുകളിൽ പ്പെട്ടതാണ്” (41:37) .സംഘടനാ പിന്തുണയുണ്ടെങ്കിൽ അല്ലാഹുവിന്റെ ആയത്തുകളെ പരിഹസിക്കാമോ? അല്ലാഹുവവിന്റെ ആയത്തുകൾ പരിഹസിക്കപ്പെടുന്നതിലെ ഐക്യം നിലനിർത്താനുള്ള ശ്രമം പരിഹാസത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. കേരളത്തിലെ ഗ്രൂപ്പടിസ്ഥാനത്തിൽ ചന്ദ്രന്റെ വലിപ്പമോ സ്ഥാനമോ മാറുകയില്ല. ചന്ദ്രന് രണ്ടു ദിവസം ഒരേ സ്ഥാനം വരുമോ? എങ്ങനെയാണ് വ്യാഴവും വെള്ളിയും 1433 ശ്ബാൻ 29, ആയത്? കണ്ണുകൊണ്ടുള്ള കാഴ്ച്ചയുടെ അടിസ്ഥാനത്തിൽ കണക്കു തെറ്റുമെങ്കിൽ; കണക്കു തെറ്റിയപ്പോൾ 1433 ശഅബ്ബാൻ 29 റമദാൻ ഒന്നായി ഖാദിമാർ തിരുത്തിയത് ശരിയാണെങ്കിൽ; അറിഞ്ഞുകൊണ്ട് കണക്കുതെറ്റ്ക്കാതിരിക്കുന്നത് തന്നെയാണ് ശരി.

കാഴ്ച്ച കണ്ണുകൊണ്ടുമാത്രമല്ലെന്ന് പ്രമുഖ ഡിക്ഷണറികളിൽ നിന്ന് വ്യക്തമാണ്. الرؤية النظر بالعين او بالعقل (കണ്ണ്കൊണ്ടോ ബുദ്ധികൊണ്ടോ ഉള്ള കാഴ്ച്ചയാണ് റുഅ്യത്). നോമ്പു തുറക്കാൻ കണക്കു സ്വീകരിക്കുന്നത് പ്രവാചകൽപ്പനക്കെതിരല്ലെങ്കിൽ നോമ്പു തുടങ്ങാൻ കണക്കു സ്വീകരിക്കുന്നതും പ്രവാച കൽപ്പനക്കെതിരല്ല. നോമ്പു തുറക്കുന്ന സമയത്തെക്കുറിച്ചും പ്രവാചകൻ(സ) പറഞ്ഞത് ‘നിങ്ങൾ കണ്ടാൽ’ (اذا رأيتم) (ഹദീസ് നമ്പർ 1954 ബുഖാരി) എന്നാണ്. കണ്ണുകൊണ്ടുള്ള കാഴ്ച്ചയവലംബിച്ച് നോമ്പുതുറയുടെ സമയം തെറ്റിക്കുന്നത് ശരിയല്ലെ

ങ്കിൽ നോമ്പു തുടങ്ങുന്ന ദിവസം തെറ്റിക്കുന്നതും ശരിയല്ല. "അന്ധത ബാധിക്കുന്നത് കണ്ണുകളെയല്ല; പ്രത്യുത നെഞ്ചകങ്ങളിലുള്ള ഹൃദയങ്ങളെയാണ്". (ഖുർആൻ 22:46)

ഉർജ്ജനിൽ ഖദീം പോലെ എന്ന് ഖുർആൻ പറഞ്ഞ, കണ്ണ് കൊണ്ട് കാണാൻ കഴിയുന്ന, അവസാന ചന്ദ്രക്കല നോക്കേണ്ടത് കിഴക്കാണോ പടിഞ്ഞാറാണോ എന്നറിയാൻ ഒരുമാസം ചന്ദ്രനെ നിരീക്ഷിച്ചാൽ മതി. ഉർജ്ജൂനിൽ ഖദീം ഉണ്ടാകുന്നതിന്റെ തൊട്ടടുത്ത ദിവസമാണ് ന്യൂമൂൺ ഉണ്ടാകുന്നത്. ഇതുണ്ടാകുന്നത് മാസത്തിലെ അവസാന ദിവസമാണ്. അടുത്ത ദിവസം അടുത്തമാസത്തിലെ ഒന്നാം തീയതി എന്നു വ്യക്തം. ഒന്നാം തിയതി പടിഞ്ഞാറ് അസ്തമിക്കുന്ന ചന്ദ്രക്കല കണ്ടിട്ട് ഉദിച്ചു എന്ന് പറയുന്നതും അടുത്ത ദിവസത്തെ അതായത് 2-ാം തിയതിയെ ഒന്നാം തിയതി എന്ന് പറയുന്നതും ശരിയല്ല. കണ്ടില്ലെങ്കിൽ മൂന്നാം തിയതിയെ ഒന്നാം തിയതിയായി കാണുകയല്ല വേണ്ടത്. കണ്ണ്കൊണ്ട് കാണുന്നതുകൊണ്ടല്ല മാസമാറ്റം നടക്കുന്നത്. ചന്ദ്രകലകളും (അഹില്ല) സ്ഥാനങ്ങളും (മനാസിൽ) നിരീക്ഷിച്ച് മാസ മാറ്റം അറിയുകയാണ് വേണ്ടത്. കണ്ണുകൊണ്ട് കണ്ടാലും ഇല്ലെങ്കിലും സൂര്യനും ചന്ദ്രനും കിഴക്കുദിക്കുകയും പടിഞ്ഞാറസ്തമിക്കുകയും ചെയ്യും.

## സ്വഹാബത്തിന്റെ മാതൃക

ഇബ്നു ഉമർ(റ) ചന്ദ്രനെ ദർശിക്കുന്നതിന്റെ ഒരുദിവസം മുമ്പ് തന്നെ നോമ്പ് അനുഷ്ടിക്കുമായിരുന്നു. (ഇബ്നുമാജഃ 1653)
അസ്മാഅ്(റ) യിൽനിന്ന് : അവർ ഹിലാൽ കാണാത്തപ്പോഴെല്ലാം ഒരു ദിവസം മുന്തിച്ച് നോമ്പനുഷ്ഠിക്കും. ഇപ്രകാരം ചെയ്യാൻ അവർ കൽപ്പിക്കുകയും ചെയ്യുമായിരുന്നു. (സാദുൽമആദ് )

അലി(റ) പറഞ്ഞു : ശഅ്ബാനിൽ ഒരു ദിവസം നോമ്പ് അനുഷ്ഠിക്കുന്നതിനെയാണ് റമദാനിലെ ഒരു ദിവസത്തെ നോമ്പ് ഉപേക്ഷിക്കുന്നതിനേക്കാൾ ഞാൻ ഇഷ്ടപ്പെടുന്നത്. (ബൈഹഖി ഹ:ന: 7981)

മക്ഹുൽ(റ) പറയുന്നു. തീർച്ചയായും ഉമർ (റ) ആകാശം മേഘാവൃതമായാൽ നോമ്പ് പിടിക്കാറുണ്ട്. ശേഷം അദ്ദേഹം പറയും ഇത് റമദാനെ മുന്തിക്കലല്ല. എന്നാൽ സൂക്ഷ്മതപുലർത്തലാണ്. (സാദുൾ മആദ് 2-43). സാദ്ധ്യത പരിഗണിച്ച് സ്വഹാബികൾ നോമ്പെടുക്കുകയാണ് ചെയ്തത്. ഉറപ്പായ അറിവുണ്ടായിട്ടും റമദാൻമാസത്തിൽ ഭക്ഷണം കഴിക്കുകയും പെരുന്നാൾ ദിവസം നോമ്പെടുക്കുകയും ചെയ്യുന്നതിന് എന്ത് മാതൃകയാണ് നമുക്കുള്ളത്? "അറിയുന്നവരും അറിയാത്തവരും ഒരുപോലെയാകുമോ?" (ഖുർ ആൻ 39:9)

***സത്യം അംഗീകരിക്കാൻ വിസ്സമ്മതിച്ചിട്ട് പിന്നീട് ഒരിക്കലും അത് സ്വീകരിക്കാൻ തയ്യാറാകാത്തവരാണ് അല്ലാഹുവിന്റെ അടുക്കൽ നികൃഷ്ട ജീവികൾ. (ഖു: 8 : 55)***
***അന്ധത ബാധിക്കുന്നത് കണ്ണുകളെയല്ല;***
***പ്രത്യുത, നെഞ്ചകങ്ങളിലുള്ള ഹൃദയങ്ങളെയാണ്. (ഖു: 22 : 46)***
***വിശ്വാസികളേ അല്ലാഹുവിനെ ഭയപ്പെടുകയും സത്യംപറയുന്നവരോടൊപ്പമാകുകയും ചെയ്യുക. (ഖു: 9:119)***

# ഈദ്ഗാഹ്

**1433 ശവ്വാൽ ഒന്ന് ശനി (18-8-2012) 8 a. m.**

1. **മുനിസിപ്പൽ ടൗൺ ഹാൾ, ആലുവ.**
2. **കോർപ്പറേഷൻ ടൗൺഹാൾ എറണാകുളം.**
3. **വ്യാപാരഭവൻ ചാവക്കാട് ഫോൺ : 9645459357**
4. **പമ്പിന് എതിർവശം, മൂന്നുമുക്ക്, ആറ്റിങ്ങൽ ഫോൺ : 9446662889**
5. **ജൂബിലിഹാൾ, കോഴിക്കോട്.**

ഹിജ്‌രി കമ്മറ്റി, എറണാകുളം, 9895044827, 9961839685, 9947100011

http://www.hijracalendar.in/
http://islamic-month.blogspot.in/
https://www.facebook.com/islamicmonth